പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2757 28-10-2026-ൽ മറുപടിയ്ക്ക്

നെന്മാറ പി.എച്ച്. സെക്ഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വാട്ടർ അതോറിറ്റിയുടെ നെന്മാറ പി.എച്ച്. സെക്ഷനു കീഴിൽ നിലവിൽ എത്ര കുടിവെള്ള കണക്ഷനുകളുണ്ടെന്നും ഏതൊക്കെ പഞ്ചായത്തുകളാണ് ഇതിൽ ഉൾപ്പെടുന്നതെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: നെന്മാറ പി.എച്ച്. സെക്ഷന് കീഴിൽ നിലവിൽ 55674 കുടിവെള്ള കണക്ഷനുകൾ ഉണ്ട്. ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുമ്പോൾ ഇത് ഏകദേശം 60512 ആയി വർദ്ധിക്കുന്നതാണ്. പഞ്ചായത്ത് തിരിച്ചുള്ള കണക്ഷനുകളുടെ എണ്ണം **അനുബന്ധം 1** ആയി ചേർക്കുന്നു.

(ബി) പ്രസ്തുത സെക്ഷനിൽ അസിസ്റ്റന്റ് എൻജിനീയർ ഉൾപ്പെടെ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ തസ്തികകളും നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കാമോ;

മറുപടി: നെന്മാറ പി.എച്ച്. സെക്ഷനിൽ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ 30 പേരാണ്. അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണവും നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണവും തരം തിരിച്ച് **അനുബന്ധം 2** ആയി ചേർക്കുന്നു.

(സി) വലിയ ഭൂവിസ്തൃതിയും കണക്ഷനുകളുടെ വർദ്ധനവും പറമ്പിക്കുളം ഉൾപ്പെടെയുള്ള മലയോര മേഖലകളും ഉള്ളതിനാൽ നിലവിലെ പരിമിതമായ ജീവനക്കാരെ വച്ച് ദൈനംദിന അറ്റകുറ്റപ്പണികളും സേവനങ്ങളും നടത്താൻ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: **ഉണ്ട്.**

(ഡി) ഭരണപരമായ കാര്യക്ഷമതയും സുഗമമായ കുടിവെള്ള വിതരണത്തിനുമായി നെന്മാറ സെക്ഷൻ വിഭജിച്ച് കൊല്ലങ്കോട് ആസ്ഥാനമാക്കി പുതിയ വാട്ടർ സപ്ലൈ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: നെന്മാറ സെക്ഷൻ വിഭജിച്ച് കൊല്ലങ്കോട് ആസ്ഥാനമാക്കി പുതിയ വാട്ടർ സപ്ലൈ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

ക്രമ നമ്പർ	ഗ്രാമപഞ്ചായത്ത്	എൽ.എ.സി (LAC)	ആകെ കണക്ഷൻ	(km^2) വിസ്തൃതി
1	അയിലൂർ	നെന്മാറ	8102	40.94
2	എലവഞ്ചേരി	നെന്മാറ	4826	32.18
3	മേലാർകോട്	ആലത്തൂർ	7088	25.52
4	നെന്മാറ	നെന്മാറ	10075	36.84
5	പല്ലശ്ശന	നെന്മാറ	6265	29.37
6	കൊല്ലങ്കോട്	നെന്മാറ	8602	49.33
7	മുതലമട	നെന്മാറ	10841	66.76
8	വടവന്നൂർ	നെന്മാറ	4713	17.38
	ആകെ		**60512**	**298.32** (നെല്ലിയാമ്പതി പഞ്ചായത്തിലെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ പ്രൊജക്ട് ഡിവിഷനിൽ നിന്നും കൂടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. നിലവിൽ **1871** കണക്ഷനുകൾ നൽകിയിട്ടുണ്ട്)

അനുബന്ധം 2

ക്രമ നമ്പർ	തസ്തിക	അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണം	നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം
1	അസി.എഞ്ചിനീയർ	1	1
2	എൽ.ഡി.സി/യു.ഡി.സി	2	2
3	മീറ്റർ ഇൻസ്പെക്ടർ	1	1
4	മീറ്റർ റീഡർ	2	2
5	ഓഫീസ് അറ്റൻഡൻറ്	2	2
6	ഓപ്പറേറ്റർ	9	9
7	ഓവർസിയർ ഗ്രേഡ് 3	3	2
8	ഫിറ്റർ	1	1
9	വർക്കർ/അൺസ്കിൽഡ് വർക്കർ	2	2
10	ഷിഫ്റ്റ്അസി./ക്ലീനർ	4	0
11	ലസ്കർ	2	2
12	വാച്ച്മാൻ	1	1
	ആകെ	30	25